വാല്യം 27 നവംബർ 2018

# അഗപെ കയ്യെഴുത്തു മാസിക



മിഷനറി ചരിത്രം

ലേഖനങ്ങൾ

കവിത

ഭാവന

ക്വിസ്

follow us:

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# ഉള്ളടക്കം

1, മുഖവുര 03

2, സാക്ഷികളുടെ ഇത്ര വലിയ സമൂഹം ! 06

ബ്രദർ :സാജു ജോൺ മാത്യു

3, മിഷനറി ചരിത്രം 09

ഡേവിഡ് ലിവിങ്സ്റ്റൺ

4, എന്നിൽ വസിപ്പിൻ 13

സിസ്റ്റർ. ആനി റെജി

5, മാറാത്ത ദൈവവും മാറുന്ന സൃഷ്ടിയും 17

ബെന്നി ജോർജ് മണലി

6, തോഴൻ 22

ജോബി ഡി ജോൺ

7, വിശുദ്ധ ജീവിതം അനുഗ്യഹത്തിനുവേണ്ടിയോ? 23

ജസ്റ്റിൻ കുമ്പഴ

8, അധികം നല്ലതിനെ കാംക്ഷിച്ചവർ! 27

ഷിബു ഡാനിയേൽ

9, ചോദ്യാവലി 34

# മുഖവുര

ഓരോ ദിവസവും വൈകുന്നേരങ്ങളിൽ ഡയറിയിൽ കുറിച്ചുവയ്ക്കു; അന്നന്നത്തെ തോൽവിയും ജയവും. നമ്മൾ ചെയ്തുവരുന്നതു പോലെ എല്ലാം പിടിച്ചടക്കുന്ന ലോകത്തിന്റെ ജയമല്ല മറിച്ചു എല്ലാം വിട്ടുകൊടുക്കുന്ന അതെ, നന്മയാൽ തിന്മയെ ജയിക്കുന്ന ക്രിസ്തു പഠിപ്പിച്ച ജയം. തിന്മയെ തിന്മകൊണ്ടു നേരിടുന്നത് ലോകകാഴ്ചപ്പാടിൽ ജയവും, തിന്മയെ നന്മ കൊണ്ടു നേരിടുന്നത് ദൈവീക കാഴ്ചപ്പാടിൽ ജയ ജീവിതവും....



"തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക!"
സാത്താന്റെ സ്വഭാവം ആണ് തിന്മ. അർദ്ധ സത്യങ്ങളും
പകുതി നന്മകളും നല്കി പ്രലോഭിപ്പിച്ചുകൊണ്ടാണ് സാത്താൻ
ലോകത്തിൽ ഒട്ടുമിക്ക മനുഷ്യരെയും വഴിതെറ്റിക്കുന്നത്.
പകുതി സത്യം പറയുന്നവനു ഒരു മുഴു വഞ്ചകനാകുന്ന
അനുഭവങ്ങളുമുണ്ട്. ദൈവമക്കൾ പോലും പലപ്പോഴും തിന്മ
യോട് തോല്ക്കുവാൻ കാരണം മുഴച്ചു പിടിക്കുന്ന പകുതി
സത്യമാണ്. ലക്ഷ്യം കാണുവാൻ ഏതു മാർഗ്ഗവും
സ്വീകാര്യമാണെന്നാണ് ലോകത്തിന്റെ ഭാഷ്യം. എന്നാൽ
നന്മയാൽ തിന്മയെ തോൽപിക്കുന്ന ക്രിസ്തുവിശ്വാസിക്കു
ഈ കാഴ്ചപ്പാട് ഒട്ടും ഭൂഷണമല്ല. ലക്ഷ്യം പോലെ
തന്നെ പ്രാധാന്യമേറിയതാണ് ലക്ഷ്യത്തിലെത്തുവാൻ
ഉപയോഗിച്ച മാർഗ്ഗവും. മുകളിലെ വാക്യം ഇതിനു വലിയ
ഉദാഹരണമാണ്, "ശത്രുവിനു വിശക്കുമ്പോൾ അവനു
തിന്മാൻ കൊടുക്കുക." അപ്പോൾ നാം നന്മയാൽ തിന്മയെ
തോല്പിക്കുകയാണ്. ഒന്നും പിടിച്ചടക്കുകയല്ല, പ്രത്യുത
വിട്ടുകൊടുക്കുകയാണ് ക്രിസ്തുവിശ്വാസി. സമ്പത്തുകളുടെ
അപഹാരവും സന്തോഷത്തോടെ സഹിക്കുന്നവൻ നന്മയാൽ
തിന്മയെ തോൽപ്പിക്കുകയാണ്. പത്രോസ് അപ്പൊസ്തലനും
ഇതു തന്നെ പറയുന്നു: "മറ്റുള്ളവർ നിങ്ങളെ ദുഷിക്കുന്നതോറും
നിങ്ങളുടെ നല്ലപ്രവൃത്തിയെ കണ്ടറിഞ്ഞിട്ടു സന്ദർശന ദിവ-
സത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിനു അവരു-
ടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു
ഞാൻ പ്രബോധിപ്പിക്കുന്നു."

ഓരോ ദിവസവും വൈകുന്നേരങ്ങളിൽ
ഡയറിയിൽ കുറിച്ചുവയ്ക്കു അന്നത്തെ തോൽവിയും ജയവും.
നമ്മൾ ചെയ്തുവരുന്നതുപോലെ എല്ലാം പിടിച്ചടക്കുന്ന ലോകത്തിന്റെ
ജയമല്ല മറിച്ച്, എല്ലാം വിട്ടുകൊടുക്കുന്ന അതെ നന്മയാൽ
തിന്മയെ ജയിക്കുന്ന ക്രിസ്തു പഠിപ്പിച്ച ജയം.

തിന്മയെ തിന്മകൊണ്ട് നേരിടുന്നത് ലോകകാഴ്ചപ്പാടിൽ
ജയവും, തിന്മയെ നന്മ കൊണ്ട് നേരിടുന്നത്
ദൈവിക കാഴ്ചപ്പാടിൽ ജയ ജീവിതവും...
പ്രിയമുള്ളവരെ, സാത്താൻ നമ്മെ തോൽപ്പിക്കുന്നത്,
അവന്റെ തന്ത്രങ്ങളെ നാം അറിയാതെ പോകുമ്പോൾ...
നമ്മുടെ കർത്താവ് വരുന്നു... ചിലരെക്കൂടെ തീയിൽ നിന്ന്
വലിച്ചെടുക്കുവാൻ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ!



ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതു കൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന **ഓട്ടം സ്ഥിരതയോടെ ഓടുക.**



ബ്രദർ :സാജു ജോൺ മാത്യു

# സാക്ഷികളുടെ ഇത്ര വലിയ സമൂഹം !



"അതുകൊണ്ട് നാമും സാക്ഷികളുടെ ഇത്രവലിയോരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. (എബ്രായർ 12:1)

ഇടയ്ക്ക് വളരെയധികം പ്രതിബന്ധങ്ങൾ ചാടിക്കടക്കേണ്ട, ഒരു നീണ്ട ഓട്ടത്തിനായി നിങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു എന്നു സങ്കല്പിക്കുക. അസാദ്ധ്യമെന്നു തോന്നുന്ന ലക്ഷ്യത്തിലേക്കു നോക്കുമ്പോൾ നീ അതിൽ ഒരിക്കലും എത്തില്ലെന്ന ഭീതിയുണ്ടാകും. അപ്പോൾ ഇതാ, നിന്നെ ഉത്സാഹിപ്പിക്കുന്ന ഒരാൾ വരുന്നു. അദ്ദേഹം നിന്നെ ഓർമ്മപ്പെടുത്തുന്നു, നീ ഇതിൽ പുതിയതല്ല- ആദ്യത്തെയാളുമല്ല - നിനക്കു മുൻപേ അനേകർ ഈ ഓട്ടം വിശ്വസ്തതയോടെ തികച്ചിട്ടുണ്ട്. അദ്ദേഹം നിന്നെ കാണികളിലേക്കു നോക്കുവാൻ പ്രേരിപ്പിക്കുന്നു. അവിടെ ഇതാ, നിന്റെ മുൻഗാമികൾ നിന്റെ ഓട്ടം കാണുവാൻ ഇരിക്കുന്നു. എബ്രായ ലേഖനകർത്താവു ഇത്തരത്തിൽ ഉത്സാഹിപ്പിക്കുന്ന ഒരാളാണ്.

ഇതിനു മുൻപിലത്തെ അദ്ധ്യായത്തിൽ അദ്ദേഹം ഇപ്രകാരമുള്ള വിശ്വസ്തന്മാരുടെ ജീവിതം വിശദീകരിച്ചിരിക്കുന്നു. അദ്ദേഹം ഹാബേലിൽ തുടങ്ങി നോഹ, അബ്രഹാം, ദാവീദ് എന്നിവരിലൂടെ പോകുന്നു. എങ്കിലും അവസാനിപ്പിക്കുന്നില്ല. കാരണം അവർ അസംഖ്യമാണ്. "ഇനി എന്തു പറയേണ്ടു? ഗിദെയോൻ, ബാരാക്ക്, ശിംശോൻ, യിപ്താഹ്, ദാവീദ് എന്നവരെയും ശമുവേൽ മുതലായ പ്രവാചകന്മാരെയും കുറിച്ചു വിവരിപ്പാൻ -

സമയം പോരാ" (എബ്രായർ 11:32) കഷ്ടതയും
നിന്ദയും പോരാട്ടവും സഹിക്കുന്നു. വേദപുസ്തകത്തിൽ
അവരുടെ കഥകൾ നമുക്കു പ്രചോദനത്തിനായി -
നമ്മെ ഉത്സാഹിപ്പിക്കുവാനായി എഴുതിയിരിക്കുന്നു.


ലേഖന കർത്താവു അവരുടെ കഥ മാത്ര-
മല്ല പറയുന്നത്, മറിച്ച് അവർ നമ്മുടെ വിജയം
കാണുവാനായി വളരെ ആകാംക്ഷയോടെ നമ്മുടെ ഓട്ടം
കണ്ടുകൊണ്ടിരിക്കുന്നു, എന്നും പറയുന്നു. അവർ കാണികൾ-
ക്കുള്ള ഇരിപ്പിടത്തിൽ ഉണ്ട്. നാം ക്ഷീ-
ണിക്കുമ്പോൾ അവർ എഴുന്നേറ്റ് അവ-
രുടെ സാക്ഷ്യത്താൽ നമ്മെ ഉത്സാഹിപ്പിക്കുന്നു.



ദൈവ പക്ഷത്ത് നാം മാത്രമേയുള്ളു,
മറ്റാരുമില്ല എന്നു നാം ചിന്തിക്കുമ്പോൾ
ഏലിയാവു എഴുന്നേറ്റ് 'ദൈവത്തിന്റെ
ഒരു ശേഷിപ്പിനെക്കുറിച്ച്' ദൈവം അവനെ
പഠിപ്പിച്ച കഥ പറയും. പ്രശ്നങ്ങൾ നമ്മുടെ-
മുൻപിൽ ഒരു പർവ്വതം പോലെയാണെന്ന് നാം വിചാരി-
ക്കുമ്പോൾ യോശുവ എഴുന്നേറ്റ് യെരീഹോ കോട്ടയുടെ
വീഴ്ചയെപറ്റി പറയും. നെഹെമ്യാവ് മതിൽ പണിയുന്നതി-
നെ പറ്റിയും. അപ്പോൾ തന്നെ ദാനിയേൽ സിംഹത്തിന്റെ
ഗുഹയിലെ രാത്രിയെപറ്റിയും വിവരിക്കും.

പ്രാർത്ഥന:- കർത്താവേ, ഓട്ടക്കളത്തിൽ ഓടുന്നതിൽ
എന്നെ ഉത്സാഹിപ്പിക്കുവാൻ വേദപുസ്തക സമയം മുത-
ൽ ഇന്നുവരെയുള്ള സാക്ഷികളുടെ ഇത്ര വലിയ
സമൂഹത്തിന്നായി ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു.
ലക്ഷ്യം അത്ര എളുപ്പമുള്ളതല്ലെങ്കിൽ പോലും
അപ്രാപ്യമല്ലെന്നു ഞാൻ മനസ്സിലാക്കുന്നു. എന്റെ ഓട്ടം
വിശ്വസ്തതയോടെ ഓടുവാൻ എന്നെ സഹായിക്കണമെ..
ആമേൻ...

ലിവിങ്സ്റ്റൺ മുഖാന്തരം രക്ഷിക്കപ്പെട്ട ആഫ്രിക്കൻ നേതാവ് അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു "ഇതിനു മുൻപ് എന്തുകൊണ്ടാണ് താങ്കളുടെ രാജ്യക്കാർ ഈ യേശുവിനെക്കുറിച്ചു ഞങ്ങളോടു പറയുവാൻ വരാഞ്ഞതു? ഞങ്ങളുടെ പിതാക്കന്മാർ ഈ യേശുവിനെ ഇല്ലാതെ മരിച്ചു പോയി" ഈ ചോദ്യമായിരുന്നു ആഫ്രിക്കൻ വൻകരയുടെ ഇരുളടഞ്ഞ അന്തർഭാഗത്തു വസിച്ചിരുന്ന ആയിരമായിരം ജനങ്ങളോടു സുവിശേഷമറിക്കുന്നതിനു ലിവിങ്സ്റ്റണിനെ ബദ്ധശ്രദ്ധനാക്കിയത്...



## ഡേവിഡ് ലിവിങ്സ്റ്റൺ


[1813-1873]

ഇരുണ്ട ഭൂഖണ്ഡത്തിൽ പടർന്നു പന്തലിച്ച സുവിശേഷ വേലയ്ക്കു ക്രൈസ്തവലോകം കടപ്പെട്ടിരിക്കുന്നത് 1813-ൽ സ്കോട്ട്ലണ്ടിൽ ജനിച്ചു 1873-ൽ ആഫ്രിക്കയി-ലെ കൊടും വനത്തിൽ മരിച്ച മിഷനറി വീരൻ ഡേവിഡ്-ലിവിങ്സ്റ്റണിനോടാണ്.

വൈദ്യശാസ്ത്രത്തിൽ ബിരുദമെടുത്തതിനു ശേഷം ചൈനയിലേക്കു മെഡിക്കൽ മിഷനറിയായി പോകുവാൻ ആഗ്രഹിച്ചു ദൈവഹിതത്തിനായി കാത്തിരിക്കുമ്പോഴാണ് റോബർട്ട് മോഫറ്റ് എന്ന മിഷനറിയിലൂടെ ആഫ്രിക്കയിലേക്കു പോകുവാനുള്ള ദൈവികാലോചന വെളിപ്പെട്ടത്. ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു നാൾ തോറും തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ എന്നുള്ള കർത്താവിന്റെ വാക്കുകൾ സ്വജീവിതത്തിൽ അക്ഷരശഃ അനുകരിച്ച സാഹസികനായിരുന്നു അദ്ദേഹം.

സുവിശേഷ വേലയിൽ ലിവിങ്സ്റ്റണിന്റെ വസ്ത്രം കീറിപ്പറിഞ്ഞിട്ടുണ്ട്. ഭക്ഷണ പാനീയങ്ങൾ കിട്ടാതെ മാസങ്ങളോളം ബുദ്ധിമുട്ടിയിട്ടുണ്ട്. ഒൻപതിനായിരം മൈൽ കാൽനടയായും, വഞ്ചി വഴിക്കായും ആഫ്രിക്കൻ വനാന്തരത്തിലൂടെ സുവിശേഷ സത്യവുമായി സഞ്ചരിച്ചു.

പലരും ഈ യാത്രയിൽ വിട്ടു പിരിഞ്ഞുപോയിട്ടുണ്ട്. പ്രിയപ്പെട്ട ഭാര്യ ജ്വരം ബാധിച്ചു മരിച്ചപ്പോൾ ഒരു മരച്ചുവട്ടിൽ സംസ്കരിച്ചു യാത്ര തുടരേണ്ടി വന്നു. ഭാര്യാപിതാവും വഴിയാത്രയിൽ മരിച്ചു. ഈ കനത്ത വേർപാടുകൾ തന്നെ തളർത്തിയെങ്കിലും അദ്ദേഹം ഇങ്ങനെ കുറിച്ചു. "ഈ കനത്ത പ്രഹരം എന്റെ ധൈര്യം പാടെ ചോർത്തിക്കളയുന്നുവെങ്കിലും ഞാൻ നിരാശപ്പെടുന്നില്ല. എന്റെ കർത്താവായ യേശുവിൽ ധൈര്യം കണ്ടെത്തി ഞാൻ മുൻപോട്ടു പോകുന്നു."



സുവിശേഷ പര്യടനവേളയിൽ ജീവൻ തന്നെ അപകടത്തിലായ പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. കാട്ടാമൃഗത്തിൽ നിന്നും സിംഹത്തിൽ നിന്നും പുലിയിൽ നിന്നും ആദിവാസികളുടെ ആക്രമണത്തിൽ നിന്നുമൊക്കെ ദൈവം ലിവിങ്സ്റ്റണിനെ പലതവണ രക്ഷിച്ചിട്ടുണ്ട്. അതേകുറിച്ച് അദ്ദേഹം ഡയറിയിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയത് "വേല പൂർത്തിയാകുന്നതുവരെ ദൈവം എന്റെ ജീവൻ വേലികെട്ടി നിർത്തിയിരിക്കുകയാണ്."

കേപ്ടൗണിൽ നിന്നും എഴുന്നൂറ് മൈൽ കാളവണ്ടിയിൽ സഞ്ചരിച്ച് 'കുറുമാൻ' എന്ന സ്ഥലത്തെത്തിയപ്പോഴാണ് തന്നെക്കുറിച്ചുള്ള ദൈവഹിതം കുറെക്കൂടെ വ്യക്തമായത്. ഒരിക്കലും ഒരാളും കടന്നു ചെന്നിട്ടില്ലാത്ത ഇരുണ്ട ഭൂഖണ്ഡത്തിന്റെ ഉൾഭാഗങ്ങളിലേക്കു ചെന്നു സുവിശേഷത്തിനുള്ള വാതിൽ തുറക്കണമെന്നുള്ളതായിരുന്നു അത്. സുവിശേഷം കേട്ടിട്ടില്ലാത്ത ബഹുസഹസ്രം ജനങ്ങളോട് ലിവിങ്സ്റ്റൺ സുവിശേഷം അറിയിച്ചു.

അന്ധതയിൽ ജീവിച്ച ആ ജനതയെ സ്നേഹത്തോടും സഹതാപത്തോടും പ്രവർത്തിച്ചതിനാൽ അവരെ നേടുവാൻ അദ്ദേഹത്തിനു സാധിച്ചു.

1873-മെയ് മാസത്തിൽ കിടക്കയുടെ സമീപം മുട്ടുകുത്തി കൈകൾ തലയിണയിൽ വച്ചു അതിനരുകിൽ മരിച്ചിരിക്കുന്ന ലിവിങ്സ്റ്റണിനെയാണ് തന്റെ അനുയായികൾക്ക് കാണുവാൻ കഴിഞ്ഞത്. മരണവേളയിലും ആത്മാക്കളെക്കുറിച്ച് ആത്മാക്കളുടെ ഉടയവനോടു സംസാരിച്ചുകൊണ്ടായിരുന്നു ക്രിസ്തുഭക്തന്റെ അന്ത്യം.

ലിവിങ്സ്റ്റൺ മുഖാന്തിരം രക്ഷിക്കപ്പെട്ട ആഫ്രിക്കൻ നേതാവ് അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു "ഇതിനു മുമ്പ് എന്തുകൊണ്ടാണ് താങ്കളുടെ രാജ്യക്കാർ ഈ യേശുവിനെക്കുറിച്ചു ഞങ്ങളോടു പറയുവാൻ വരാഞ്ഞത്? ഞങ്ങളുടെ പിതാക്കന്മാർ ഈ യേശുവിനെ കൂടാതെ മരിച്ചു പോയി". ഈ ചോദ്യമായിരുന്നു ആഫ്രിക്കൻ

വൻകരയുടെ ഇരുളടഞ്ഞ അന്തർഭാഗത്ത് വസിച്ചിരുന്ന ആയിരമായിരം ജനങ്ങളോട് സുവിശേഷമറിയിക്കുന്നതിന് ലിവിങ്സ്റ്റണിനെ ബലവാനാക്കിയത്.

പ്രിയ കൂട്ടുകാരെ, ഈ ചോദ്യം നമ്മോടും കൂടിയുള്ളതല്ലേ.?



"God, send me anywhere, only go with me. Lay any burden on me, only sustain me. And sever any tie in my heart except the tie that binds my heart to Yours."

— David Livingstone



ലേഖനം

സിസ്റ്റർ. ആനി റെജി

# എന്നിൽ വസിപ്പിൻ


എന്നിൽ വസിപ്പിൻ;
ഞാൻ നിങ്ങളിലും വസിക്കും;
കൊമ്പിന്നു മുന്തിരവള്ളിയിൽ വസിച്ചിട്ടല്ലാതെ
സ്വയമായി കായ്പാൻ കഴിയാത്തതുപോലെ
എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല.

വായനഭാഗം : യോഹന്നാൻ 15:4

"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയുകയില്ല. [യോഹന്നാൻ 15:4]

എന്നിൽ വസിപ്പിൻ- സാക്ഷാൽ മുന്തിരിവള്ളിയായ കർത്താവായ യേശു നമ്മോടു പറയുന്നു. 'നിങ്ങൾ എന്നിൽ വസിപ്പിൻ'. ഒരു വ്യവസ്ഥയോടുകൂടി തുടരുന്നു: 'എങ്കിൽ ഞാൻ നിങ്ങളിലും വസിക്കും.'

ഒരു മുന്തിരിവള്ളിയെ നിരീക്ഷിച്ചാൽ, കാണുവാൻ സാധിക്കുന്നത്, അതിന്റെ എല്ലാ കൊമ്പുകളെയും അതു വഹിക്കുന്നതും ആവശ്യമായ നവജീവൻ പ്രദാനം ചെയ്യുന്നതുമാണ്. ധാരാളം ജലാംശം വലിച്ചെടുത്ത് ഓരോ കൊമ്പുകളിലും എത്തിക്കുവാൻ ഈ മുന്തിരിച്ചെടിക്ക് സാധിക്കുന്നു. കൊമ്പുകളിലെ ഇലകളിലും അതിനേക്കാളേറെ അതിലുണ്ടാകുന്ന ഫലങ്ങളിലും. മുന്തിരിവള്ളിയിൽ ചേർന്നു വസിക്കാതെ ഒരു കൊമ്പിനും സ്വയമായി അതിന്റെ ഊർജ്ജം ഉല്പാദിപ്പിക്കുവാൻ കഴിയുകയില്ല; സ്വയമായി കായ്ക്കുവാനും. നല്ല മുന്തിരിവള്ളിയിൽ വസിക്കുന്ന കൊമ്പുകൾ നല്ല മുന്തിരി കായ്ക്കുവാൻ പര്യാപ്തമാണ്.



അതിന്റെ മറുവശം നല്ല മുന്തിരിവള്ളിയിൽ അല്ല കൊമ്പ് വസിക്കുന്നതെങ്കിൽ നല്ല ഫലം കായ്ക്കുവാൻ അതിനു സാധ്യമല്ല. നല്ല മുന്തിരിവള്ളിയോടു ചേർന്നു നില്ക്കുന്ന കൊമ്പുകൾ നല്ല ഫലം കായ്ക്കുന്നു. അവ അധികം ഫലം കായ്ക്കേണ്ടതിനു ചില ചെത്തലും വെടിപ്പാക്കലും തോട്ടക്കാരൻ നടത്തുന്നു. ഈ മുറിവുകൾ നിശ്ചയമായും ആ കൊമ്പുകളെ വേദനിപ്പിക്കും. പക്ഷേ അതു ചെത്തുന്ന തോട്ടക്കാരനറിയാം നാളെ ആ കൊമ്പ് പൂർവ്വാധികം ശക്തിയോടെ മുളച്ച് കൂടുതൽ ഫലം

പുറപ്പെടുവിക്കും എന്ന്. നമ്മുടെ ജീവിതത്തിലും ചില മുറിവുകൾ നമ്മുടെ സ്വർഗ്ഗീയതാതൻ അനുവദിക്കുന്നത് നാളെ നാമും കൂടുതലായി നല്ല ഫലം കായ്ക്കുവാനാണ്. അല്ലെങ്കിൽ അവനോടു കൂടുതൽ അനുരൂപരാകുവാനാണ്.

ഉദാഹരണമായി ജോസഫിന്റെ ജീവിതത്തിൽ താൻ ദൈവത്തോടു ചേർന്നു ജീവിച്ചു. ദൈവം തന്റെ ജീവിതത്തെപറ്റിയുള്ള പദ്ധതികൾ ബാല്യത്തിലെ തന്നെ സ്വപ്നത്തിൽകൂടെ വെളിപ്പെടുത്തികൊടുത്തു. പക്ഷെ തന്റെ ജീവിതത്തിൽ സംഭവിച്ചതോ, അടിക്കടി പരീക്ഷകൾ, ശോധനകൾ, കഷ്ടതകൾ. പൊട്ടക്കിണറിന്റെ ഏകാന്തതയിൽ ഉപേക്ഷിച്ചു സ്വന്തം സഹോദരങ്ങൾ നീങ്ങിയപ്പോഴും യോസഫ് തന്റെ ദൈവത്തിൽ ആശ്രയിച്ചു. സത്യമുന്തിരി വള്ളിയിൽ വസിച്ചു. ദൈവം തന്നെ ആ കിണറ്റിൽ നിന്നും ഉയർത്തി മിസ്രയെമിൽ എത്തിച്ചു. അതുകൊണ്ടും തീർന്നില്ല തന്റെ ജീവിതത്തിലെ ശോധനകൾ. പോത്തിഫറിന്റെ വീട്ടിൽ പ്രലോഭനത്തിന്റെ മദ്ധ്യത്തിലും യോസഫ് ദൈവത്തിൽ ആശ്രയിച്ചു. സത്യമുന്തിരിവള്ളിയിൽ വസിച്ചു.

വർഷങ്ങൾക്കുശേഷം കാരാഗ്രഹത്തിൽ സ്വപ്ന വ്യാഖ്യാനം നടത്തി, വ്യാഖ്യാന പ്രകാരം കൊട്ടാരത്തിൽ രാജാവിന്റെ പാനപാത്ര വാഹകനായി പുനർനിയമിക്കപ്പെട്ട പാനപാത്ര വാഹകൻ യോസഫിനെ മറന്നു; രാജാവിനോടു തന്റെ കാര്യം അറിയിച്ചില്ല. എങ്കിലും യോസഫ് തളർന്നു പോയില്ല. ദൈവത്തിൽ ആശ്രയിച്ചു. സത്യമുന്തിരി വള്ളിയിൽ വസിച്ചു.



സ്വർഗ്ഗീയ പിതാവു തന്നെ മറന്നില്ല. തക്കതായ മുഹൂർത്തങ്ങളെ ദൈവം ഒരുക്കി. മിസ്രയിമിൽ ഉന്നത പദവിയിൽ ഉയർത്തി.

മുന്തിരി വള്ളിയിൽ വസിച്ച് നല്ല ഫലങ്ങൾ കായ്ക്കുന്ന ദൈവപൈതലേ, നിന്റെ കണ്ണുനീരിന്റെ മദ്ധ്യത്തിൽ, വേദനകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ യേശു നിന്നെ കൈവിടുകയില്ല. ആ മുന്തിരിവള്ളി കൊമ്പായ നിന്നെ താങ്ങിനിർത്തും. നിന്നെ വഹിക്കും.

പൊട്ടക്കിണറ്റിലും നീ ദൈവത്തിന് പ്രഥമസ്ഥാനം കൊടുക്കുന്നവെങ്കിൽ അവൻ നിന്നെ പൊട്ടക്കിണറ്റിൽ നിന്നു പൊക്കിയെടുത്തു ജനത്തിന്റെ മദ്ധ്യ ഉന്നതനായി നിർത്തുവാൻ വിശ്വസ്തനാണ്.

ഇതു വായിക്കുന്ന പ്രിയപ്പെട്ടവരെ, നിങ്ങൾ വാസ്തവമായി മുന്തിരിവള്ളിയിൽ വസിക്കുന്നവെങ്കിൽ അവൻ വിശ്വസ്തനാണ്. നീതിമാനാണ്. ജീവിതത്തിന്റെ പ്രയാസഘട്ടങ്ങളിൽ അവൻ ഉപേക്ഷിക്കുകയില്ല. നല്ല ഫലം കായിച്ച് ദൈവപ്രസാദവുമുള്ള ജീവിതം നയിക്കുവാൻ ആ സത്യമുന്തിരിവള്ളിയായ ക്രിസ്തു നമ്മെ സഹായിക്കും. വീണ്ടും അവനായി ഏൽപിച്ചു കൊടുക്കാം. സ്വർഗ്ഗത്തിൽ അവൻ നമുക്കായി വാസസ്ഥലങ്ങൾ ഒരുക്കിയിട്ടുണ്ട്. നാം ഈ ലോകത്തിൽ ജീവിച്ചു നശിച്ചു പോകുന്നവരായി-ട്ടല്ല; നിത്യജീവന്റെ അവകാശികളായി അവൻ നമ്മെ തീർത്തിരിക്കുന്നു.

ആകയാൽ പ്രിയമുള്ളവരെ, അവൻ നിങ്ങളോട് പറയുന്നു. "എന്നിൽ വസിപ്പിൻ".



# മാറാത്ത ദൈവവും മാറുന്ന സൃഷ്ടിയും

ബ്രദർ. ബെന്നി ജോർജ് മണലി



പ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ വില്യം ഷേക്സ്പിയർ തന്റെ പ്രസിദ്ധമായ 'You Like It' എന്ന കൃതിയിൽ മനുഷ്യ ജീവിതത്തിന്റെ നാടകം-

ജനനം മുതൽ മരണം വരെയുള്ള സംഭവങ്ങളെ ഒരു നാടകരൂപത്തിൽ, ഓരോ ജീവിത ഘട്ടങ്ങളെയും ഓരോ കഥാപാത്രങ്ങളായി ചിത്രീകരിച്ചിരിക്കുന്നു. പ്രസിദ്ധനായ റിച്ചാർഡ് മേൽപ്പറഞ്ഞതിനെ ഒരു പ്രതിമരൂപേണ ലണ്ടനിൽ ഉണ്ടാക്കി പ്രദർശിപ്പിച്ചിരിക്കുന്നു. ഈ ലോകത്തിൽ സ്ഥായിയായത് ഒന്നു മാത്രമേയുള്ളൂ അതു മാറ്റമാണ്.

ഇന്നത്തെ ലോകം മാറ്റത്തെക്കുറിച്ച് ചിന്തിക്കുന്നു. കാലാവസ്ഥ വ്യതിയാനം - വെള്ളപ്പൊക്കം, കൊടുംകാറ്റ്, വരൾച്ച, പിന്നെ കാൻസറുകളും പെട്രോളിയം ഉൽപന്നങ്ങളുടെ വിലയെക്കുറിച്ചു ചർച്ച ചെയ്യുന്നു. നമ്മുടെ ദേശമായ കേരളം വലിയ ഒരു പ്രളയത്തിൽ നിന്നും ഉണർന്ന് പിച്ചവച്ച് നടന്നു തുടങ്ങുന്നു. ലോകമെങ്ങും മാറ്റത്തിന്റെ വക്കിലാണ്. ചിലതു നല്ലതിലേക്കും ചിലതു നാശത്തിലേക്കും. മിക്കവാറും എല്ലാ മാറ്റങ്ങളും മനുഷ്യന്റെ നിലനിൽപിനു തന്നെ ഭീഷണിയാകുമ്പോൾ വിശ്വാസ സമൂഹം ഉറ്റുനോക്കുന്നത് ഒരു കർത്താവിന്റെ വരവിനു മുന്നോടിയായുള്ള ഒരുക്കങ്ങളാണോ എന്നാണ്.

എബ്രായർ 13:8. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നെ.

2. കൊരിന്ത്യർ 1:20 - ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ;

നമ്മുടെ ദൈവത്തിന്റെ സ്വഭാവവൈശിഷ്ട്യങ്ങളിൽ ചിലതാണ് അവൻ സർവ്വജ്ഞാനി, സർവ്വശക്തൻ, വഴിയും സത്യവും ജീവനുമായവൻ. എന്നാൽ ഞാൻ ഇവിടെ പ്രതിപാദിക്കുന്നത് 'മാറാത്തവൻ', വാക്കു മാറാത്തവനായ ദൈവത്തെക്കുറിച്ചാണ്.

സാത്താനും മനുഷ്യനും ചില സ്വഭാവ ഘടകങ്ങളുണ്ട്. വ്യാജം പറയുക, കള്ളം പറയുക, പറഞ്ഞ വാക്കുകൾ മറക്കുക, മാറ്റിയും തിരുത്തിയും പറയുക. മനുഷ്യർ ചിലപ്പോൾ അനുതപിച്ചു എന്നുവരാം. ദൈവത്തിന്റെ സ്വഭാവവൈശിഷ്ട്യങ്ങൾ ഇതിൽ നിന്നും വളരെ വിഭിന്നമാണ്. സംഖ്യാപുസ്തകം 23:19- വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല. താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ?. ഇതു ഒരു ചോദ്യമല്ല, മറിച്ചു ഉത്തരം തന്നെ. വ്യാജം പറയാത്ത, അനുതപിക്കാത്ത, മാറിപറയാത്തവനാണ് ദൈവം. വീണ്ടും 1 ശമുവേൽ 15:29 - യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്കു പറകയില്ല, അനുതപിക്കയുമില്ല. മലാഖി 3:6 - യഹോവയായ ഞാൻ 'മാറാത്തവൻ'

പുതിയ നിയമത്തിൽ നാം നോക്കിയാൽ മേൽപറഞ്ഞവ വീണ്ടും നമുക്കായി ഉറപ്പിച്ചിരിക്കുന്ന വചനങ്ങളെയും ദർശിക്കാം. 2 തിമൊഥിയോസ് 2:13 - നാം അവിശ്വസ്തരായിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു; തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലോ. യാക്കോബ് 1:17 എല്ലാ നല്ലദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽ നിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു. അവനു വികാരഭേദമോ ഗതിഭേദത്താലുള്ള ആച്ഛാദനമോ ഇല്ല. മേൽപറഞ്ഞ വചനം സൂചിപ്പിക്കുന്നത് നമ്മുടെ ദൈവം കാലങ്ങൾക്കും വാദങ്ങൾക്കും അതീതൻ എന്നത്രേ. അവന്റെ ജ്ഞാനത്തിനും ബുദ്ധിക്കും ഒരുകാലത്തും അതിനു പരിഷ്കാരവും ആവശ്യമില്ല. പിതാവായ ദൈവം തന്റെ വാഗ്ദത്തങ്ങളെ പഴയ നിയമത്തിൽ ഉടമ്പടിയിലൂടെ ഉറപ്പിക്കുമ്പോൾ പുതിയ നിയമത്തിൽ സ്വന്ത പുത്രന്റെ രക്തത്താൽ



ഒരു നിത്യനിയമമായി ഉണ്ടാക്കുകയും അത് നമ്മുടെ ഹൃദയത്തിൽ എഴുതിച്ചേർക്കുകയും ചെയ്തു. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നമ്മിൽ വസിക്കുകയാണ്. നാം അവൻ വസിക്കുന്ന മന്ദിരവുമാണ്. ആ വാഗ്ദത്തത്തിലൂടെ നമുക്ക് ലഭിച്ചത് നിത്യത എന്ന അതിമഹത്തായ ദൈവിക സമ്മാനവും, പാപമോചനവും, രോഗസൗഖ്യവും ആകുന്നു. സാത്താന്റെ തലയെ തകർക്കുവാൻ ഒരു സന്തതിയെ അയക്കുമെന്ന ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ ഉപഭോക്താക്കൾ നമ്മളത്രെ.

ചിലപ്പോഴും നാം കേൾക്കുന്ന മറ്റൊരു കാര്യം നാം പ്രാർത്ഥനയാലും ഉപവാസത്താലും പല കാര്യങ്ങളും ദൈവത്തിൽ നിന്നും പ്രാപിച്ചു എന്നാണ്. പലരും ദൈവത്തിൽ നിന്നും പിടിച്ചു വാങ്ങിയതായി പറയുന്നത് കേൾക്കാം. എന്നാൽ മാറാത്ത ദൈവത്തിൽ നിന്നും ഇതെങ്ങനെ സാധിക്കും. വാസ്തവം എന്താണ്. നമ്മുടെ പ്രാർത്ഥനയും ഉപവാസവും നമ്മെ അവനിലേക്കു അടുപ്പിക്കുകയത്രെ ചെയ്യുന്നത്. തൻമൂലം നമ്മിലുണ്ടായിരുന്ന നിഗളം, ഉന്നത ഭാവം, കയ്പ് എന്നിവ വെടിഞ്ഞ്, തന്റെ പുത്രന്റെ അനുരൂപാവസ്ഥയിലേക്ക് നാം പടിപടിയായി ഉയർത്തപ്പെടുന്നു.

ദൈവം മനുഷ്യനെ തിരഞ്ഞെടുത്ത് വാഗ്ദത്ത നിവൃത്തീകരണം സാധ്യമാക്കുന്നത് അവന്റെ അപേക്ഷത്ത അവസ്ഥയിലല്ല. അബ്രഹാമിനെ വിഗ്രഹാരാധികളുടെ ഇടയിൽ നിന്നും വിളിച്ചു തന്റെ പ്രവർത്തി നടപ്പിലാക്കി. നോഹയിലും അതു തന്നെയാണ് സംഭവിച്ചത്. യോസഫിന്റെയും മോശയുടെയും അനവധിയായ പ്രവാചകൻമാരുടെയും രാജാക്കൻമാരുടെയും ജീവിതത്തിൽ ഇതു തന്നെയാണ് നടപ്പിലായത്. അക്കൂട്ടത്തിൽ പൗലോസിനെയും യോഹന്നാനെയും നമുക്കറിയാം. അനേക പരീക്ഷണങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും നടന്ന തന്റെ പ്രവർത്തി നടപ്പിലാക്കി. നമ്മെയും വേർതിരിച്ചു

ദൈവമക്കളായി നമ്മുടെ ബന്ധുക്കളുടെയും ചാർച്ചക്കാരുടെയും വിടുതലിനായി വിളിച്ചിരിക്കുന്നു.

നമ്മെ വേർതിരിച്ചതു എന്തിനു?

പാപിയായിരുന്ന, ശത്രുപക്ഷത്തായിരുന്ന നമ്മെ അവൻ സ്വന്ത ജനവും മക്കളുമാക്കി. (ഗലാത്യർ 3:26] ക്രിസ്തുയേശുവിലൂടെ നാം വിശ്വാസത്താൽ ദൈവമക്കളായി. കാട്ടൊലിവായിരുന്ന നമ്മെ നല്ല ഫലം കായ്ക്കുവാൻ നല്ല ഒലിവാക്കി. [നാം നല്ല ഫലം കായ്ക്കുന്നുണ്ടോ എന്നു നാം ചിന്തിക്കേണ്ടിയിരിക്കുന്നു.!] ഒന്നു കൂടി വിശദമായി പറഞ്ഞാൽ നമ്മെ പുത്രൻമാരും, യേശുവിന്റെ സഹോദരൻമാരും ആക്കിത്തീർത്തു. മാത്രമല്ല വചനം വീണ്ടും പറയുന്നത് നാം ദൈവം വസിക്കുന്ന മന്ദിരവും രാജകീയ പുരോഹിത വർഗ്ഗവുമാണെന്ന്.

സാത്താന്യ സന്തതികളായിരുന്ന നമ്മെ ദൈവമക്കളായും നിത്യ നരകത്തിൽ നിന്നു നിത്യ സ്വർഗ്ഗത്തിലേക്കും നമ്മെ മാറ്റിത്തീർത്തു എന്നതാണ് ഏറ്റവും വലിയ കാര്യം ദൈവം നമുക്കു നല്കിയത്. വേർതിരിക്കപ്പെട്ട നാം നമ്മുടെ ചിന്തയിലും പ്രവർത്തിയിലും ആ ഉന്നതിയും ദൈവസ്വഭാവവും വെളിപ്പെടുത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു. [കൊലൊസ്സ്യർ 3:2] ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നെ ചിന്തിപ്പിൻ. 1 യോഹന്നാൻ 2:15

ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. കർത്താവിനോടു പറ്റിച്ചേർന്നു ജീവിക്കുക. അതാണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്.

നിത്യനും സത്യവുമായ ദൈവം അവൻ മാറാത്തവനാണ്. അവന്റെ വാഗ്ദത്തങ്ങൾ മാറാത്തതുമാണ്. എന്നാൽ മനുഷ്യൻ മാറണം എന്നു ദൈവം ആഗ്രഹിക്കുന്നു. പാപിയായ മനുഷ്യനെ മകനാക്കുവാൻ അവൻ ആഗ്രഹിക്കുന്നു. ഈ ലോകമോഹങ്ങളിൽ ദൃഷ്ടി പതിപ്പിക്കാതെ നിത്യതയെ ലക്ഷ്യം വയ്ക്കു. നമ്മെക്കുറിച്ചുള്ള അവന്റെ വാഗ്ദത്തങ്ങളെല്ലാം അവൻ പ്രാവർത്തികമാക്കും. നാം വ്യാകുലപ്പെടേണ്ടതില്ല. മാറ്റത്തിനായി സമർപ്പിക്കുക മാത്രം മതി. ദൈവം ഏവരെയും അതിനായി സഹായിക്കട്ടെ!

# തോഴൻ

ജോബി ഡി ജോൺ

ഇരുളിലായിരുന്ന എൻ ജീവിതത്തെ
ഒരു തിരി നാളം നൽകി എൻ തോഴൻ

കളങ്കിതമായ എൻ സ്വഭാവത്തെ
മാറ്റുവാനായ് വന്നു എൻ തോഴൻ
അഹിന്തയും നിഗളവും മാറ്റി എൻ തോഴൻ
പഠിപ്പിച്ചു താഴ്മയും സൗമ്യതയും എൻ തോഴൻ

പാപപങ്കിലമായ എൻ ദേഹത്തെ
ചുഴ്ന്നെറിഞ്ഞു എൻ തോഴൻ
നല്കി അവൻ എനിക്കായി ഒരു പ്രത്യാശയും
എന്റെ ഉള്ളിൽ നിത്യജീവനായുള്ളൊരു തുടിപ്പും

ഒരുങ്ങിടുന്നു ഞാൻ സർവ്വതും
പോകുവാനായി എൻ തോഴനോട് കൂടെ
വരിക വരിക ഒരുങ്ങിടുക എൻ കൂട്ടരെ
പോയിടാം എൻ തോഴനാം യേശുവിനൊപ്പം...







ജസ്റ്റിൻ കുമ്പഴ

# വിശുദ്ധ ജീവിതം

## അനുഗ്യഹത്തിനുവേണ്ടിയോ?

അനുഗ്രഹത്തിന്റെ വാതിൽ ക്രിസ്തു എന്നും നീ ക്രിസ്തുവിലേക്കു നോക്കു നിന്റെ ജീവിതം മാറിമറിയും, നഷ്ടപ്പെട്ടതു എല്ലാം തിരികെ ലഭിക്കും. ജോലി, വിവാഹം, ഭവനം ഇങ്ങനെ ഭൗതിക അനുഗ്രഹങ്ങളെ മുൻനിർത്തി ടെലിവിഷനിലൂടെയും പ്രാർത്ഥനാകൂട്ടായ്മയിലൂടെയും പലരെയും ക്രിസ്തുവിലേക്കു ആകർഷിക്കുന്ന ഒരു സമൂഹത്തെയാണ് ഇന്നു നാം കാണുന്നത്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുക മാത്രം പോരാ അവനിൽ ജീവിക്കണം എന്നു പറയുന്നവരും ഉണ്ട്.

എന്തിനു ക്രിസ്തുവിൽ ജീവിക്കണം?

ദൈവം നമുക്കനുകൂലമെങ്കിൽ പ്രതികൂലം ആര്? ഏതു വിധേനയും ദൈവത്തെ അനുകൂലമാക്കുവാൻ കഴിഞ്ഞാൽ പിന്നെ, എന്റെ ജീവിതത്തിലെ പ്രതികൂലമെല്ലാം അവൻ നോക്കിക്കൊള്ളുമല്ലോ; അതിനു വേണ്ടി ഇച്ചിരി ത്യാഗം സഹിക്കുവാനും ഞാൻ തയ്യാറാണ്. സത്യത്തിൽ ഞാൻ ആരെയാണ് സ്നേഹിക്കുന്നത്. എന്നെയോ, ക്രിസ്തുവിനെയോ?

ഇന്നു നാം ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ദൈവം നമ്മോടുകൂടെ നടക്കുവാനാണ്. ദൈവപുരുഷനായ ഹാനോക്ക് ദൈവത്തോടുകൂടെയാണ് നടന്നതെന്ന സത്യം നാം മറന്നുപോകരുത്.. ഉല്പത്തി 5:24. "ഹാനോക്ക് ദൈവത്തോടു കൂടെ നടന്നു ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി." ക്രിസ്തു നമ്മുടെ കാര്യസാധ്യത്തിനു വേണ്ടിയുള്ള വാതിൽ അല്ല മറിച്ച് ക്രിസ്തു രക്ഷയുടെ - വാതിൽ ആണ്. യോഹന്നാൻ 10:9. ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷിപ്പെടും. പാപത്തിൽ നിന്നും, നിത്യമരണത്തിൽ നിന്നും, ദൈവസ്നേഹത്തിൽ നിന്നു അകന്നുപോയ നമ്മെ തിരിച്ചു ദൈവസന്നിധിയിൽ എത്തിക്കുവാനുള്ള ഒരേയൊരു വാതിൽ ക്രിസ്തുമാത്രമാണ്.



ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ഭൂമിയിൽ വന്നപ്പോൾ അവനിൽ യാതൊരു പാപവുമില്ലായിരുന്നു. മാത്രവുമല്ല ന്യായപ്രമാണത്തിന്റെ സകലപ്രവർത്തിയും അവനിലൂടെ നിവർത്തിയാക്കി. എന്നാൽ ഈ ലോകം അവനു പ്രതികൂലമായിരുന്നു. സകല മനുഷ്യരാലും നിന്ദിതനും, ക്രൂരമർദ്ദനമേറ്റവനും ക്രൂശിക്കപ്പെട്ടവനുമായിരുന്നു. നമ്മുടെ കാഴ്ചപ്പാടിൽ ഉത്തരത്തിൽ ഭൗതിക തകർച്ചയിൽ നിൽക്കുന്ന ക്രിസ്തു അനുഗ്രഹിക്കപ്പെട്ടവനാണോ? പലപ്പോഴും നമ്മുടെ പ്രാർത്ഥനയിൽ ഉയർന്നു നിൽക്കുന്നത് ക്രിസ്തു ഈ ഭൂമിയിൽ അനുഭവിക്കാത്ത അനുഗ്രഹത്തിനു വേണ്ടിയുള്ള യാചനയാണ്.

ക്രിസ്തുവിൽ ജീവിക്കുന്നവർ ഒരു പക്ഷേ സമ്പന്നതയിൽ എത്തുകയോ, രോഗസൗഖ്യം പ്രാപിക്കുകയോ ഭൂമിയിലെ നന്മകൾ ഒന്നും തന്നെ കൈവരിക്കുകയോ ചെയ്തില്ല എന്നു വരുന്നതാം. ഇങ്ങനെയുള്ള വ്യക്തികൾ അനുഗ്രഹിക്കപ്പെട്ടവർ അല്ല എന്നു ക്രിസ്തുവിനെ മുൻനിർത്തി നമുക്ക് എങ്ങനെ പറയുവാൻ സാധിക്കും.

ക്രിസ്തുവിൽ ജീവിക്കുന്നവരോട് ഒരു ചോദ്യം ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും കഷ്ടതയാണെങ്കിൽ എത്ര പേർ ക്രിസ്തുവിനോട് കൂടെ നിൽക്കുവാൻ തയ്യാറാകും.?

നാം ഓരോരുത്തരുടെയും ജീവിതത്തെക്കുറിച്ചു ദൈവത്തിനു ഉദ്ദേശ്യം ഉണ്ട്. അതു തിരിച്ചറിയണമെങ്കിൽ ക്രിസ്തുവിൽ വസിച്ചെങ്കിലേ സാധ്യമാവുകയുള്ളൂ. ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം, ഇങ്ങനെയുള്ള യാതൊരു ബന്ധനങ്ങളും കൊണ്ടും യേശുവാകുന്ന വാതിലിലൂടെ അകത്തു കടക്കുവാൻ കഴിയുന്നതല്ല. അന്നന്നപ്പം നിറഞ്ഞ വിശ്വാസവും, വിശുദ്ധിയോടെയുള്ള പ്രാർത്ഥനാ ജീവിതം മുറുകെ പറ്റിയിരിക്കുന്ന ബന്ധനത്തെ വലിച്ചെറിയുവാൻ സഹായിക്കുന്നു. ഈ ലോകത്തിലെ നഷ്ടങ്ങളോ, നേട്ടങ്ങളോ അല്ല നമ്മിലെ ദൈവികാനുഗ്രഹത്തെ ചൂണ്ടിക്കാട്ടുന്നത്. മറിച്ച് ഏതു സാഹചര്യത്തിലും ദൈവത്തോട് ചേർന്നു

നമ്മൾ എടുക്കുന്ന നിലപാടാണ് നാം ക്രിസ്തുവിൽ അനുഗ്രഹിക്കപ്പെട്ടവർ എന്നു തെളിയിക്കുന്നത്. അതു കൊണ്ടാണ് ദൈവഭക്തനായ പാട്ടുകാരൻ ഇങ്ങനെ പാടിയത്.

കഷ്ട നഷ്ടമേറി വന്നാൽ
ഭാഗ്യവാനായി തീരുന്നു ഞാൻ
കഷ്ടമേറ്റ കർത്താവോടു
കൂട്ടാളിയായിത്തീരുന്നു ഞാൻ.






# അധികം നല്ലതിനെ കാംക്ഷിച്ചവർ!

ഷിബു ഡാനിയേൽ

മടക്കയാത്രയിലുടനീളം തുളുമ്പിയ കണ്ണുകൾ കാഴ്ചകളെ മറച്ചു. ഡ്രൈവർ കാണാതെ പുറത്തേക്കു ചാടിയ കണ്ണീർ കണങ്ങൾ വേഗത്തിൽ ഞാൻ ഒപ്പിയെടുത്തു. മനസ്സ് വലിയ ശാന്തതയും സംതൃപ്തിയും അനുഭവിക്കുന്നുണ്ടായിരുന്നു. പോയ മറ്റു മൂന്നു പട്ടണങ്ങളിലും ലഭിക്കാത്ത ആനന്ദം ഈ ചെറിയ ഗ്രാമത്തിൽ ഞാനനുഭവിച്ചു. പണ്ടെങ്ങോ കേട്ടു മറന്ന ഒരു വാചകം പിന്നെയും തികട്ടിവന്നു **'നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'**.

അധികം വീതിയില്ലാത്ത റോഡിലൂടെയാണ് നഗര കവാടത്തിലേക്കു ഞങ്ങൾ പ്രവേശിച്ചത്. റോഡിൽ അങ്ങിങ്ങായി സ്ഥാപിച്ചിരുന്ന ചൂണ്ടു പലകകൾ ശരിയായ ദിശയിലേക്കു വാഹനം ഓടിക്കുവാൻ ഡ്രൈവറെ സഹായിച്ചു. യാത്രാക്ഷീണം മാറ്റുവാനും കാൽ ഒന്നു നിവർത്തുവാനുമായി പട്ടണത്തിനു സമീപമുള്ള ചെറിയ ഒരു ചായക്കടയുടെ സമീപം ഞങ്ങൾ വാഹനം ഒതുക്കി. ചായകുടിക്കുന്നതിനിടയിൽ എന്റെ ഗൂഢമായ ലക്ഷ്യം ഈ പട്ടണത്തെ കുറിച്ചും അതിലെ നിവാസികളെ കുറിച്ചുമുള്ള കാര്യങ്ങൾ ചോദിച്ചറിയുക കൂടിയായിരുന്നു. മെല്ലെ ചൂടു ചായ ഊതുന്നതിനിടയിൽ ഞാൻ ചായ അടിക്കുന്നയാളോട് ചോദിച്ചു. (ചായ അടിക്കുവാൻ പ്രത്യേകിച്ച് വേറെ പണിക്കാരനൊന്നുമില്ല അദ്ദേഹം തന്നെയാണ് മുതലാളിയും തൊഴിലാളിയും)

"എങ്ങനെയാ, ചേട്ടാ ഈ പട്ടണത്തിനു ഇങ്ങനെയൊരു പേരുവരുവാൻ കാരണം?". അധികം സന്ദർശകരില്ലാത്ത കടയിൽ വർത്തമാനം പറയുവാൻ ഒരാളെ കിട്ടിയതിന്റെ ആനന്ദം ആ കണ്ണുകളിൽ ഞാൻ വായിച്ചെടുത്തു. അങ്ങിങ്ങായി എണ്ണിയാൽ പത്തിൽ താഴെ മാത്രം കറുത്ത മുടികളുള്ള പാവത്വം തോന്നിപ്പിക്കുന്ന മുഖത്തോടു കൂടിയ വയസ്യൻ കിഴക്കോട്ടു ചൂണ്ടി പറഞ്ഞു. 'നോദ്' എന്നായിരുന്നു ഇതിന്റെ പേര്. ഇപ്പോഴും അങ്ങനെ വിളിക്കുന്നവരുണ്ട്. കയീൻ എന്ന മനുഷ്യൻ സ്വന്തം സഹോദരനെ കൊന്നിട്ടു വന്നു പാർക്കുവാൻ തുടങ്ങി ഇവിടെ. കഠിനാദ്ധ്വാനിയായിരുന്നു... കുറച്ചു പണവും പുത്രനുമായപ്പോൾ ഒരു പട്ടണം ഉണ്ടാക്കി. ആദ്യത്തെ പുത്രന്റെ പേരും ചാർത്തി. 'ഹാനോക്ക്'. അങ്ങനെ ഇതിന് ഹാനോക്ക് പട്ടണം എന്ന പേരു കിട്ടുന്നത്.



വേറെന്തൊക്കെയോ പറയുവാനായി ആ വൃദ്ധൻ വെമ്പൽ കൊള്ളുന്നത് ഞാൻ തിരിച്ചറിഞ്ഞു.

വേഗത്തിൽ ചായഗ്ലാസ്സും പണവും നല്കി ഞാൻ എഴുന്നേറ്റു. പണം കൊടുക്കുന്നതിനിടയിൽ ചായയെ പ്രശംസിക്കുവാൻ ഞാൻ മറന്നില്ല. പകരം എളിമയുടെ ഒരു പുഞ്ചിരി അദ്ദേഹം എനിക്കു സമ്മാനിച്ചു. തിരികെ നടക്കുവാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ആത്മഗതം പുറകിൽ കേട്ടു. "ദൈവസാന്നിധ്യത്തിൽ നിന്നകന്നു പോയവൻ, തന്റെ വംശാവലി എണ്ണുമ്പോൾ കാണാത്തവൻ, തനിക്കു പേരു നിലനിർത്തുവാനായി എന്തൊക്കെ ചെയ്തോ മതിയാകു. അപ്പോൾ മക്കളുടെ പേരൊക്കെ പട്ടണത്തിനു ഇടേണ്ടി വരും."
ഇപ്പോൾ പേരു നിലനിർത്തുവാനായി കസേരകളിലും തമ്മിൽ തല്ലും ഒക്കെ നടത്തുന്നവരുടെയൊക്കെയും അവസ്ഥ ഞാൻ വെറുതെ മനസ്സിൽ കൂട്ടി... മത്സരം ആഭിചാരദോഷം പോലെയും... ശരിയാണ് ജീവ പുസ്തകത്തിൽ പേരെഴുതി കാണാത്തവർ ഇവിടെ പേരു നിലനിർത്തുവാനായി അശ്രാന്ത പരിശ്രമത്തിലാണ്.


ചില മുന്നറിയിപ്പുകളോടെ നല്കിയിട്ടാണ് അദ്ദേഹം ഞങ്ങളെ പോകുവാനനുവദിച്ചത്. നിങ്ങൾ പട്ടണത്തിലേക്കുള്ള യാത്രക്കാരാണെങ്കിൽ നിങ്ങൾക്കു പല മുഖങ്ങളും അവിടെ ദർശിക്കാം. ഭീതിയുടെ, കോപത്തിന്റെ, വൈരാഗ്യത്തിന്റെ, അസഹിഷ്ണതയുടെ... ചില ഇരിമ്പിന്റെ ശബ്ദം. ആയുധങ്ങളെ പണിയുന്നവരെ. സ്വസ്ഥതയില്ലാത്തവർ, സമാധാനം അനുഭവിക്കാത്തവർ, ഏഴാം തലമുറയിലെത്തിയപ്പോഴേക്കും പകയുടെ, അസഹിഷ്ണതയുടെ അത്യുച്ച ഏഴിരട്ടിയിൽ നിന്നു എഴുപത്തിയേഴു ഇരട്ടിയിലേക്കു വളർത്തിയവർ. ക്ഷമിക്കാത്തവർ... ഒരു മുറിവിനു പകരം ഒരു പുരുഷനെയും ഒരു പരിക്കിനു പകരം യുവാവിനെയും കൊല്ലുന്ന ദേശം...

ഞങ്ങളുടെ വാഹനം അതിവേഗം മുമ്പോട്ടു കുതിക്കുമ്പോഴും പിന്നിൽ ആ വൃദ്ധൻ പറഞ്ഞതു ചെവിയിൽ മുഴങ്ങിക്കൊണ്ടെയിരുന്നു... ഒരിക്കൽ പ്രകാശനം ലഭിച്ച-

ദൈവത്തെ ആരാധിച്ചു വന്നവർ പിൻമാറി പോകുമ്പോൾ കാട്ടിക്കൂട്ടുന്ന കോപ്രായത്തരങ്ങൾ... ദൈവസന്നിധിയിൽ നിന്ന് ദൂരത്തേക്കു പായുന്നവർ... മടങ്ങി വരുവാൻ ക്ലേശം തന്നെ. പരിചയക്കാരന്റെ മുന്നറിയിപ്പ് ഈ പട്ടണത്തിൽ അധികം ചുറ്റിക്കറങ്ങാതെ അടുത്ത പട്ടണത്തിലേക്കു പോകുവാൻ ഞങ്ങളെ ഉത്സാഹിപ്പിച്ചു.

ആകാശത്തോളം ഉയർത്തി കഴുകനെപ്പോലെ കൂട്ടുകൂടി വലിയൊരു ഗോപുരവും അതിന്നരികിൽ ഒരു പേരും... "ബാബേൽ"... ആരെ കൊന്നാലും കുഴപ്പമില്ല എനിക്കു ഒരു പേരുണ്ടാകണം, ആരെ ചതിച്ചാലും സാരമില്ല എനിക്കു പണം ഉണ്ടാകണം. എത്ര കള്ളം പറഞ്ഞാലും വേണ്ടതില്ല എനിക്കു പദവിയും സ്ഥാനവും വേണം. ആകാശത്തോളം എത്തുന്ന ഒരു ഗോപുരം. അതിന്നരികിൽ നമ്മുടെ പേര്... ദൈവത്തെ ഒഴിവാക്കി തങ്ങളുടെ പ്രയത്നം കൊണ്ടു പട്ടണം പണിയുന്നവർ. ഒടുവിൽ ബാബേൽ ഗോപുരം തകർന്നു ആ അവശിഷ്ടത്തിൽ ചവിട്ടി നിരാശരായി താടിക്കു കയ്യും കൊടുത്തു ഇരിക്കുന്നവരെയും കടന്നു ഞങ്ങൾ യാത്ര തുടർന്നു. അനേക വിശേഷങ്ങൾ ഈ പട്ടണത്തിലുമുണ്ടായിരുന്നു... അതു വേറൊരു അവസരത്തിലാകട്ടെ വിവരിക്കാം...

കുറച്ചേറെ വികസനം എത്തിയിട്ടുള്ള ഒരു നഗരം.. നല്ല വീതിയുള്ള റോഡുകൾ.. നഗരസഭകളുമുള്ള... കൂടുതൽ കമ്പനികളുമുള്ള ഒരു പട്ടണത്തിലേക്കാണ് ഞങ്ങൾ അടുത്തതായി പോയത്. ഭരണ സ്വാതന്ത്ര്യമുള്ള ഭരണാധികാരികൾ തന്നെ സംശയമില്ല. നമ്മുടെ ഒരു പരിചയക്കാരനാണ് അവിടെ ഭരണ സാരഥ്യം വഹിക്കുന്നത്. പേരു പറഞ്ഞാൽ നിങ്ങളറിയും. അല്ലെങ്കിൽ ഉപ്പാപ്പന്റെ പേരു പറഞ്ഞാൽ നിശ്ചയമായും അറിയും. ലോത്ത് എന്നാണ് അദ്ദേഹത്തിന്റെ പേര്. ഉപ്പാപ്പൻ അബ്രാഹാം.



ഈ പട്ടണത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ യാത്രാമധ്യേ ഞങ്ങൾക്ക് ലഭിച്ചിരുന്നു. ഈ പട്ടണക്കാർ നല്ലാത്ത മനുഷ്യരാണെന്നുള്ള തിരിച്ചറിവ് യാത്ര മതിയാക്കിയാലോ എന്നു ഒരുവേള ചിന്തിച്ചുപോയി.

"നനഞ്ഞിറങ്ങിയതല്ലേ, കുളിച്ചു തന്നെ കയറാനായിരുന്നു എന്റെ തീരുമാനം".

സ്വസ്നേഹികൾ, ദ്രവ്യകാമികൾ, സുഖഭോഗികൾ, ആണോടു ആൺ അവലക്ഷണമായി പ്രവർത്തിക്കുന്നവർ, നന്ദികെട്ടവർ, വാത്സല്യമില്ലാത്തവർ, ഇണങ്ങാത്തവർ, ഉഗ്രന്മാർ, സൽഗുണദ്വേഷികൾ, ധാർഷ്ട്യക്കാർ, ദൈവപ്രിയമില്ലാത്ത ഭോഗപ്രിയർ, ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവർ. ഇങ്ങനെയുള്ള നാശം പിടിച്ച ഒരു പട്ടണമാണിത്.

ഈ പട്ടണങ്ങളെയും നഗരങ്ങളെയും എല്ലാം സന്ദർശിക്കുവാൻ ഒരേയൊരു ലക്ഷ്യം മാത്രമേയുണ്ടായിരുന്നുള്ളൂ മനസ്സിൽ. അവരുടെ കുറ്റം നിരത്തി മണി വാരികയല്ല, പ്രത്യുത വലിയ പട്ടണങ്ങളിൽ, മൾട്ടിനാഷണൽ കമ്പനിയിൽ ജോലി ചെയ്യുന്ന, ബിസിനസ്സ് ചെയ്യുന്ന നാമും ആരെ ചവിട്ടിത്താഴ്ത്തിയാലും എന്റെ തലമുറകൾ തന്നെ നിൽക്കണമെന്നു പറയുന്നവരുടെ ഇടയിൽ ഈ പട്ടണവാസികളോട് വല്ല സാദൃശ്യവും ഉണ്ടോ എന്നറിയുവാനും തിരുത്തലുകൾ വരുത്തുവാനുമായിരുന്നു യാത്ര.

ഇപ്പോൾ മൂന്നു പട്ടണങ്ങളിൽ നമ്മൾ സന്ദർശനം നടത്തി. ദൈവസാന്നിധ്യം ഇല്ലാത്ത പട്ടണങ്ങൾ. ഒരു പക്ഷേ ഉറപ്പിൻ മേലായിരിക്കും ഈ പട്ടണങ്ങളൊക്കെയും പണിതുറപ്പിച്ചത്. പക്ഷേ സകല ദുരാചാരങ്ങളുടെയും ഉറവിടമാണ് ഈ പട്ടണങ്ങൾ എന്നു നാം കണ്ടു.

യഹോവയുടെ സന്നിധിയിൽ നിന്നു ഓടിപ്പോയി പണം സമ്പാദിച്ചു പട്ടണം പണിതു ആ പട്ടണത്തിനു മകന്റെ പേരു തന്നെയിട്ട വേദപുസ്തക ചരിത്രത്തിലെ ഒന്നാമത്തെ പട്ടണം "ഹാനോക്ക്".

പേരു സമ്പാദിക്കുവാനായി ആകാശത്തോളം എത്തുന്ന ഗോപുരവും ഒരു പട്ടണവും നിർമ്മിക്കുവാൻ ഇറങ്ങിപ്പുറ-

പോലെ ബാബേൽ നഗരവാസികൾ.


സോദോമും ഗോമോറയും നാശത്തിൽ നിപതിച്ച മനുഷ്യർക്കു ദൃഷ്ടാന്തമായി കിടക്കുന്ന മ്ലേച്ഛത നിറഞ്ഞ ലോത്തു പാർത്തിരുന്ന നഗര പട്ടണം.

ഞങ്ങൾ അടുത്തതായി പോയതു ഒരു ഗ്രാമത്തിലേക്കാണ്. വഴിയുടെ ഇരുവശത്തും ഇടതിങ്ങി നിൽക്കുന്ന വൃക്ഷങ്ങൾ, ചെറിയ അരുവികൾ, പക്ഷി മൃഗാദികൾ. വളരെ മനോഹരമായ ദേശം. ഞങ്ങൾ ചെന്നതു വന്യ വക്ഷ്യാധികളുടെ വീട്ടിലേക്കാണ്.

• • • • • • • • • • • • • • • • • • • • • • • • •

ഉച്ചമയക്കം പതിവില്ലാത്തതാണ്. പക്ഷെ യാത്രാക്ഷീണം അനുഭവിച്ചിരുന്ന മയക്കത്തിലേക്കാണ് വഴുതിവീണത്. ലോത്തു പലപ്പോഴും പട്ടണത്തിൽ നിന്ന വരുമ്പോഴൊക്കെയും പറയും ഈ ഗ്രാമത്തിൽ നിന്ന പട്ടണത്തിലേക്കു മാറി താമസിക്കുവാൻ. ഒരു അസുഖം വന്നാൽ നല്ല ചികിത്സ കിട്ടുന്ന ഒരു ആശുപത്രിയില്ല. എല്ലാം നാട്ടു ചികിത്സ മാത്രം. സോദോമിലാണെങ്കിൽ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എല്ലാ സുഖസൗകര്യങ്ങളോടും കൂടിയതു... ഞാൻ താമസിക്കുന്ന ബംഗ്ലാവിനോടു ചേർന്ന ഒരു വലിയ ഇരുനില കെട്ടിടം കൊടുക്കുവാനുണ്ട്... എല്ലാ സുഖസൗകര്യങ്ങളോടും കൂടിയതു. ഓ.... നിന്റെയപ്പൻ അങ്ങോട്ടേക്കൊന്നും വരില്ല..."ഷിസ്സാപ്പിയേ, നീയെങ്കിലും അങ്ങോട്ടു വാ.. ലോകോത്തും ഉടനാവും വളർന്നു വരികയാണ്. ഇനിയുള്ള കാലം നല്ല ജോലിയൊക്കെ കിട്ടണമെങ്കിൽ നല്ല വിദ്യാഭ്യാസം പിള്ളേർക്കു കൊടുക്കണം."

ഷിസ്സപ്പിക്കു ഒന്നു മനസ്സിലായി. ലോക്കാത്തിന്നു ചെറിയ താത്പര്യം ഉണ്ട്, കസിൻസ് വരുന്നതു കാണുമ്പോൾ, അവരുടെ ഡ്രെസ്സിങ്, പെർഫ്യൂംസ്, മേക്കപ്പ്, അവരുടെ കാർ, വീടിനെ കുറിച്ചും പട്ടണത്തെക്കുറിച്ചും തോന്നിയപ്പോൾ ഇതു ആ നാട്ടുകാരുടെ ജീവിതത്തെക്കുറിച്ചും... ചെറിയ ആഗ്രഹം അതിലും ജനിപ്പിക്കും....



ഷോട്ട് പോയ ഉടനെ അബ്രാഹം ചാരുകസേരയിൽ നിന്നു പതിയെ എഴുന്നേൽക്കുവാനാഞ്ഞു. യിസ്ഹാക്കു ഓടി വന്നു താങ്ങി. കണ്ണുകൾ യാക്കോബ് നിന്നിടത്തേക്കും നീണ്ടു... യിസ്ഹാക്കിന്റെയും യാക്കോബിന്റെയും തോളിലേക്കു കൈയിട്ടു കൂടാര വാതിലിൽ കൂടി കുനിഞ്ഞു പുറത്തേക്കു ഇറങ്ങി. കൂടാരത്തിന്റെ മുമ്പിൽ അബ്രഹാം മുഴങ്കാലുകളെ മടക്കിവച്ചു രണ്ടുപേരോടും കൂടെ... 'മക്കളേ'... കണ്ഠമിടറി... വിദൂരതയിലേക്കു വിറയ്ക്കുന്ന കൈകൾ ചൂണ്ടി ഇങ്ങനെ മൊഴിഞ്ഞു. "ഇവിടെ നമുക്കു നിലനിൽക്കുന്ന നഗരമില്ല"... "കാണുന്നതു താല്ക്കാലികം.".

കണ്ണുകൾ അബ്രഹാം ഇറുക്കി അടച്ചു. കൺപീലികൾ ഞെരിഞ്ഞമർത്തിയ കണ്ണുനീർ തുള്ളികളിൽ ഒന്നു കൂടാരത്തിനു പുറത്തു വീണു ചിന്നി ചിതറി. കൽദയരുടെ പട്ടണമായ ഊരിൽ നിന്നു ഏകനായി വിളിച്ചിറക്കി ദൈവത്തിന്റെ സ്നേഹിതൻ എന്ന പേരിനു യോഗ്യനാക്കി, ഉടമ്പടിയുടെ ദൈവത്തെ തിരിച്ചറിഞ്ഞ അബ്രഹാം. അതെ വിശ്വാസികളുടെ പിതാവ്, ഇങ്ങനെ മൊഴിഞ്ഞു: 'ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരം' അതാണു ശാശ്വത ഭവനം. നാം ഇവിടെ അന്യരാണ്. പരദേശികളാണ്. നമുക്കു ഇവിടെ നിലനിൽക്കുന്ന നഗരമില്ല.'

വന്ദ്യവയോധികന്റെ മുമ്പിൽ ഞാനും അറിയാതെ മുഴങ്കാലുകൾ മടക്കി. ഞാൻ പാർക്കുന്ന ഭവനത്തിലും ഒരു കൂടാര മനോഭാവിയായിത്തീരുവാനായുള്ള ആഗ്രഹം കൊണ്ടു എന്റെ കണ്ണുകളും നിറഞ്ഞൊഴുകി.

മടക്കയാത്രയിലുടനീളം തുളുമ്പിയ കണ്ണുകൾ കാഴ്ചകളെ മറച്ചു. ഡ്രൈവർ കാണാതെ പുറത്തേക്കു ചാടിയ കണ്ണീർ കണങ്ങൾ വേഗത്തിൽ ഞാൻ ഒപ്പിയെടുത്തു. മനസ്സ് വലിയ ശാന്തതയും സംതൃപ്തിയും അനുഭവിക്കുന്നുണ്ടായിരുന്നു. പോയ മുമ്പുള്ള ചിത്രങ്ങളിലും ലഭിക്കാത്ത ആനന്ദം ഈ ചെറിയ ഗ്രാമത്തിൽ ഞാനനുഭവിച്ചു. പണ്ടെങ്ങോ കേട്ടു മറന്ന ഒരു വാചകം പിന്നെയും തികട്ടി വന്നു. "നാട്ടിൻപുറം നൻമകളാൽ സമൃദ്ധം".

# ചോദ്യാവലി



i. 'ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു' എന്ന് കർത്താവു ഏതു സന്ദർഭത്തിലാണ് പ്രസ്താവിച്ചത്?

ii. യേശു കർത്താവു 'കുറുക്കൻ' എന്നു സംബോധന ചെയ്തതു ആരെ?

iii. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം ആർക്കായി നിയമിച്ചിരിക്കുന്നു?

ഉത്തരങ്ങൾ അയക്കേണ്ട വിലാസം:-
agape.magasine@gmail.com


കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ.

i. യാക്കോബിന്റെ ഏറ്റവും ഇളയ പുത്രൻ ആര്?
ഉത്തരം: ബെന്യാമിൻ.

ii. യഹോവയുടെ സന്നിധിയിലെ തീ പുറപ്പെട്ടു അഹരോന്റെ പുത്രന്മാരായ നാദാബിനെയും അബീഹൂവിനെയും ദഹിപ്പിച്ചു കളഞ്ഞതു എന്തു കാരണത്താലാണ്?
ഉത്തരം: തങ്ങളോടു കല്പിച്ചതല്ലാത്ത അന്യാഗ്നി യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്നതിനാൽ (ലേവ്യ: 10: 1-2).

iii. ദൈവം മിസ്രയീമിൽ അയച്ച അവസാനത്തെ ബാധ ഏതു?
ഉത്തരം: കടിഞ്ഞൂൽ സംഹാരം

ശരിയായ ഉത്തരം അയച്ചത്: സിസ്റ്റർ. ആനി റെജി.




follow us:

+971 50 3243161 agape.magasine@gmail.com www.facebook.com/agapemagasine

web: www.agapemagazine.com